# University of Calicut
## Directorate of Research

## പി.എച്ച്.ഡി. പി.ക്യു.ഇ. ഡിസംബർ 2026
## (കോഴ്സ് വർക്ക് സെമസ്റ്റർ: ജൂലൈ–ഡിസംബർ 2026)

**സർക്കുലറുമായി ബന്ധപ്പെട്ട നിർദേശങ്ങൾ**

► 2026 ജൂലൈ 1-ന് ഗവേഷണ കേന്ദ്രങ്ങളിൽ കോഴ്സ് വർക്ക് ആരംഭിക്കുന്ന ഗവേഷകരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാ ഗവേഷണ കേന്ദ്രങ്ങളിലേക്കും സർക്കുലർ നൽകിയിട്ടുണ്ട്.

► സർക്കുലർ പ്രകാരം ഗവേഷണ കേന്ദ്ര മേധാവികൾക്ക് ഷെയർ ചെയ്തിട്ടുള്ള ഗൂഗിൾ ഷീറ്റ് മുഖേന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

► കൂടാതെ കോഴ്സ് വർക്കിനായി തയ്യാറാക്കിയിട്ടുള്ള ടൈംടേബിൾ, ഗവേഷകരുടെ ഇലക്ടീവ് വിഷയത്തിന്റെ സിലബസ് അംഗീകരിച്ച RAC യോഗത്തിന്റെ മിനുട് സ് /റിപ്പോർട്ട് എന്നിവ ഗൂഗിൾ ഡ്രൈവ് വഴി സമർപ്പിക്കേണ്ടതാണ്.

► RAC അംഗീകാരം ലഭിച്ച സിലബസ് അതത് ഗവേഷണ കേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ടതാണ്. സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.

► മുൻ സെമസ്റ്ററുകളിൽ കോഴ്സ് വർക്ക് പൂർത്തിയാക്കിയ ഗവേഷകരെ വീണ്ടും ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ല. ഒന്നിലധികം കോഴ്സ് വർക്ക് സെമസ്റ്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഗവേഷകർക്ക് പരീക്ഷാ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നേരിട്ടേക്കാം.

**കോഴ്സ് വർക്കുമായി ബന്ധപ്പെട്ട നിർദേശങ്ങൾ**

► ഓരോ വർഷവും ജനുവരി 1, ജൂലൈ 1 തീയതികളിലാണ് കോഴ്സ് വർക്ക് സെമസ്റ്ററുകൾ ആരംഭിക്കുന്നത്.

► ജനുവരി 1-ന് ആരംഭിക്കുന്ന കോഴ്സ് വർക്ക് സെമസ്റ്റർ ജൂൺ 30-ന് അവസാനിക്കുകയും ജൂലൈ 1-ന് ആരംഭിക്കുന്ന കോഴ്സ് വർക്ക് സെമസ്റ്റർ ഡിസംബർ 31-ന് അവസാനിക്കുകയും ചെയ്യുന്നു.

► പി.എച്ച്.ഡി. പ്രവേശനം ലഭിച്ച് രണ്ട് വർഷത്തിനുള്ളിൽ ഏതെങ്കിലും ഒരു സെമസ്റ്ററിൽ കോഴ്സ് വർക്ക് വിജയകരമായി പൂർത്തിയാക്കേണ്ടതാണ്.

► ഒരു കോഴ്സ് വർക്ക് സെമസ്റ്ററിനിടയിൽ പി.എച്ച്.ഡി. പ്രവേശനം ലഭിക്കുന്ന ഗവേഷകന് തുടർന്നുവരുന്ന സെമസ്റ്ററിൽ മാത്രമേ കോഴ്സ് വർക്ക് ആരംഭിക്കാൻ കഴിയുകയുള്ളൂ.

► പരമാവധി 222 മണിക്കൂർ അധ്യാപനസമയം ഉൾക്കൊള്ളുന്ന ആറ് മാസത്തെ കോഴ്സാണ് പി.എച്ച്.ഡി. കോഴ്സ് വർക്ക്. കോഴ്സ് വർക്ക് വിജയകരമായി പൂർത്തിയാക്കുന്ന ഗവേഷകർക്ക് മാത്രമേ പി.എച്ച്.ഡി. പ്രാഥമിക യോഗ്യതാ പരീക്ഷയ്ക്ക് (PQE) അപേക്ഷിക്കാൻ കഴിയുകയുള്ളൂ.

► പേപ്പർ I – റിസർച്ച് മെത്തഡോളജി (96 മണിക്കൂർ), പേപ്പർ II – ഇലക്ടീവ് (96 മണിക്കൂർ), പേപ്പർ III – റിസർച്ച്

ആൻഡ് പബ്ലിക്കേഷൻ എത്തിക്സ് (30 മണിക്കൂർ), റിവ്യൂ ഓഫ് പബ്ലിഷ്ഡ് റിസർച്ച് ഇൻ ദ റിലവന്റ് ഫീൽഡ് എന്നിവയാണ് പി.എച്ച്.ഡി. കോഴ്സ് വർക്കിന്റെ ഘടകങ്ങൾ.

► കോഴ്സ് വർക്ക് ആരംഭിക്കുന്നതിന് മുൻപ് ഇലക്ടീവ് പേപ്പറിന്റെ സിലബസ് തയ്യാറാക്കി RAC അംഗീകാരം നേടിയിരിക്കണം.

► ഗവേഷണ കേന്ദ്രങ്ങൾ ഓരോ കോഴ്സ് വർക്ക് സെമസ്റ്ററിനും പ്രത്യേകം ടൈംടേബിൾ തയ്യാറാക്കി കോഴ്സ് വർക്ക് നടത്തേണ്ടതാണ്.

► ഗവേഷണ റെഗുലേഷനിൽ നിഷ്കർഷിച്ചിട്ടുള്ള മുഴുവൻ കോഴ്സ് വർക്ക് ക്രെഡിറ്റുകളും ഒരു സെമസ്റ്ററിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്. കോഴ്സ് വർക്ക് ആരംഭിക്കുന്നതിന് മുൻപ് തന്റെ ഗവേഷണ കാലയളവിൽ, യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള സിലബസ് പ്രകാരമുള്ള 30 മണിക്കൂർ Research and Publication Ethics (RPE) പരിശീലന പരിപാടിയിൽ പങ്കെടുത്ത ഗവേഷകർക്കു, പ്രസ്തുത പരിശീലന പരിപാടിയിലെ ഹാജർ ബന്ധപ്പെട്ട കോഴ്സ് വർക്ക് പേപ്പറിന്റെ ഹാജരായി പരിഗണിക്കുന്നതാണ്.

► ഫുൾടൈം ഗവേഷകർക്കും പാർട്ട് ടൈം ഗവേഷകർക്കും കോഴ്സ് വർക്ക് ക്രെഡിറ്റുകളിൽ വ്യത്യാസമില്ല.

► കോഴ്സ് വർക്കിലെ ഏതെങ്കിലും പേപ്പറുകൾക്ക് ഇളവ് ലഭിച്ചിട്ടുള്ള ഗവേഷകർ, ശേഷിക്കുന്ന പേപ്പറുകളുടെ കോഴ്സ് വർക്ക് പൂർത്തിയാക്കി ബന്ധപ്പെട്ട പ്രാഥമിക യോഗ്യതാ പരീക്ഷയ്ക്ക് (PQE) പരീക്ഷകൾ എഴുതേണ്ടതാണ്.

► ഓരോ സെമസ്റ്ററിലും കോഴ്സ് വർക്ക് ചെയ്യുന്ന ഗവേഷകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഗവേഷണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുന്ന സർക്കുലറുകളിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

► കോഴ്സ് വർക്ക് പൂർത്തിയാക്കിയ ഓരോ ഗവേഷകന്റെയും ആറുമാസത്തെ കോഴ്സ് വർക്ക് ഹാജർ വിവരങ്ങൾ ഗവേഷണ ഗൈഡ് ബന്ധപ്പെട്ട കോളേജ്/സർവകലാശാലാ വകുപ്പ് പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

► പ്രാഥമിക യോഗ്യതാ പരീക്ഷയ്ക്ക് (PQE) അപേക്ഷിക്കുന്നതിന് കുറഞ്ഞത് 70% കോഴ്സ് വർക്ക് ഹാജർ ഉണ്ടായിരിക്കണം.

► പി.എച്ച്.ഡി. കോഴ്സ് വർക്കും പി.ക്യു.ഇ.-യുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനുമായി DoR E സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ: 0494 2407545
ഇ-മെയിൽ: dore@uoc.ac.in